**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4548** **01-07-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ സഹകരണ എക്സ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | 2022, 2023 വർഷങ്ങളിൽ ഏപ്രിൽ മാസം എറണാകുളം ജില്ലയിൽ സഹകരണ എക്സ്പോ നടത്തുകയുണ്ടായോ; എങ്കിൽ എക്സ്പോയിലൂടെ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | 2022, 2023 വർഷങ്ങളിൽ ഏപ്രിൽ മാസം എറണാകുളം ജില്ലയിൽ സഹകരണ എക്സ്പോ നടത്തിയിരുന്നു. എക്പോയിലൂടെ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപ്പാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതു സമൂഹത്തിനു മുന്നിൽ കൊണ്ട് വരുന്നതിന് സഹകരണ എക്സ്പോയിലൂടെ കഴിഞ്ഞിട്ടുണ്ട്.<br>2. സഹകരണ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അവസരമൊരുക്കുവാൻ സാധിച്ചു.<br>3. അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>4. സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയ തലത്തിൽ പരിചയപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.<br>5. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുവാനും, അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിയ്ക്കുന്നതിനും, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലേയ്ക്ക് സംഘങ്ങളെ നയിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>6. സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.<br>7. കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങളുടെ ഏകീകൃത ബ്രാൻഡ് ആയ **coopkerala ബ്രാൻഡ്** കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്തുവാൻ സാധിച്ചു.<br>8. സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കു കൂടുതൽ വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ എക്സ്പോ വേദിയിൽ ബിസിനസ് മീറ്റ് സംഘടിപ്പിച്ചു. |

9. കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ പുതിയതായി വിപണിയിൽ എത്തിക്കുന്ന ഉൽപ്പന്നങ്ങൾ എക്സ്പോവേദിയിൽ ലോഞ്ച് ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.
10. സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതിക വിദ്യയും പൊതു സമൂഹത്തിനു പരിചയപ്പെടുത്തുവാൻ സാധിച്ചു.
11. കേരളത്തിലെ സഹകരണ മേഖലയിലെ സേവനങ്ങൾ പരിചയപ്പെടുത്തുവൻ കഴിഞ്ഞിട്ടുണ്ട്.
12. കേരളത്തിലെ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുവാൻ എക്സ്പോയിലൂടെ തുടക്കമിടുവാൻ സാധിച്ചിട്ടുണ്ട്.
13. സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും, ചർച്ചകളും സംഘടിപ്പിക്കുവാൻ സാധിച്ചു.

(ബി) പ്രസ്തുത എക്സ്പോകൾ ഓരോന്നും നടത്തുന്നതിനായി എത്ര തുക വീതം ചെലവായി എന്ന് വെളിപ്പെടുത്താമോ; ഓരോ എക്സ്പോയുടെയും ഇനം തിരിച്ചുള്ള ചെലവുകളുടെ വിശദാംശം നൽകാമോ?

(ബി) സഹകരണ എക്സ്പോ 2022 ന്റെ നടത്തിപ്പിനായി 2,33,95,210/- രൂപയും സഹകരണ എക്സ്പോ 2023 ന്റെ നടത്തിപ്പിനായി 2,93,26,320/- രൂപയും ചെലവിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്.

സഹകരണ എക്സ്പോ 2022 ന്റെ ചെലവുകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | അക്കോമഡേഷൻ ചെലവ് | 6,50,289.80 |
| 2 | എക്സ്പോ ബ്രാൻഡിംഗ്, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ, പരസ്യം, പ്രസ് മീറ്റ് | 65,31,107.00 |
| 3 | ആംബുലൻസ് & മെഡിക്കൽ ഫെസിലിറ്റി | 1,33,268.00 |
| 4 | മീഡിയ അവാർഡ്, അവാർഡ് കമ്മിറ്റിക്കുള്ള ഓണറേറിയം | 78,000.00 |
| 5 | ഫുഡ്, കാറ്ററിംഗ്, റഫ്രഷ് മെന്റ് ചെലവുകൾ | 14,11,764.00 |
| 6 | കൺസൾട്ടൻസി ചെലവ് (വൈദ്യുതി, ജി.എസ്.ടി) | 6,20,000.00 |
| 7 | കോപ് മാർട്ട് ബ്രാൻഡിംഗ് ചെലവ് | 1,41,100.00 |
| 8 | വൈദ്യുതി കണക്ഷൻ | 16,81,531.00 |
| 9 | പവലിയൻ, സഹകരണ വകുപ്പിന്റെ സ്റ്റാൾ തയ്യാറാക്കിയത് | 85,99,380.00 |

| | | |
|---|---|---|
| 10 | മെമെന്റോ, മറ്റ് ഉപഹാരങ്ങൾ വാങ്ങിയത് | 9,14,546.08 |
| 11 | കലാപരിപാടികൾ സംഘടിപ്പിച്ചത് | 19,64,750.0( |
| 12 | അതിഥികൾക്ക് യാത്രാ ബത്ത അനുവദിച്ചത് | 2,67,070.1( |
| 13 | മറ്റ് ഭരണപരമായ ചെലവുകൾ | 4,02,404.4( |
| | **ആകെ** | **2,33,95,210.4** |

സഹകരണ എക്സ്പോ 2023 ന്റെ ചെലവുകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | അക്കോമഡേഷൻ ചെലവ് | 10,99,240.0( |
| 2 | എക്സ്പോ ബ്രാൻഡിംഗ്, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ, പരസ്യം, പ്രസ് മീറ്റ്, കൾച്ചറൽ മീറ്റ് | 38,49,033.8 |
| 3 | പ്രിന്റിംഗ് ചെലവ് | 17,51,274.0( |
| 4 | മീഡിയ അവാർഡ്, അവാർഡ് കമ്മിറ്റിക്കുള്ള ഓണറേറിയം, മീഡിയ സപ്പോർട്ടേഴ്സിന്റെ അലവൻസ് | 97,000.0( |
| 5 | ഫുഡ്, കാറ്ററിംഗ്, റഫ്രഷ് മെന്റ് ചെലവുകൾ | 16,88,324.0( |
| 6 | കൺസൾട്ടൻസി ചെലവ് ( ജി.എസ്.ടി) | 74,340.0( |
| 7 | സഹകരണ വകുപ്പിന്റെ സ്റ്റാൾ തയ്യാറാക്കിത് | 15,93,000.0( |
| 8 | വൈദ്യുതി കണക്ഷൻ | 17,61,058.0( |
| 9 | പവലിയൻ, പ്രവേശന കവാടം തുടങ്ങിയവ തയ്യാറാക്കിയത് | 1,13,53,960.0( |
| 10 | മെമെന്റോ, പുസ്തകങ്ങൾ,മറ്റ് ഉപഹാരങ്ങൾ വാങ്ങിയത് | 14,90,012.0( |
| 11 | കലാപരിപാടികൾ സംഘടിപ്പിച്ചത് | 24,53,700.0( |
| 12 | ടാക്സി ചാർജ്, ഇന്ധന ചാർജ്, അതിഥികൾക്ക് യാത്രാ ബത്ത അനുവദിച്ചത് | 2,26,963.0( |
| 13 | ജി.സി.ഡി.എ യ്ക്ക് സ്ഥല വാടക | 12,10,090.0( |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നൽകിയത് | |
| | | | | 14 | സെമിനാർ സംഘടിപ്പിച്ചത് | 61,000.0 |
| | | | | 15 | മറ്റ് ഭരണപരമായ ചെലവുകൾ ലൈസൻസ് ഫീ, ക്ലീനിംഗ് ചാർജ്, ഇന്റർനെറ്റ്, സ്റ്റേഷനറി,സ്വാഗത സംഘം രൂപീകരണം, ഓണറേറിയം മുതലായവ | 6,17,326.0 |
| | | | | | **ആകെ** | **2,93,26,320.8** |

സെക്ഷൻ ഓഫീസർ